I.ഇ.ബി.XI–കേരള നിയമസഭ/IV4

# പതിനൊന്നാം കേരള നിയമസഭ

**നാലാം സമ്മേളനം**

**നിയമസഭാ നടപടികൾ**

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2002 ജൂൺ 17, തിങ്കൾ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ . വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ചരമോപചാരം**:

മുൻ ഉപരാഷ്ട്രപതി ബി.ഡി.ജെട്ടി, കേരള നിയമസഭാംഗങ്ങളായിരുന്ന പി.ആർ.ഫ്രാൻസിസ്, ഉമ്മൻ തലവടി, മുൻ തിരു കൊച്ചി നിയമസഭാംഗം എൻ പരമേശ്വരൻപിള്ള, മുൻ രാജ്യസഭാംഗം കെ.പി.സുബ്രഹ്മണ്യ മേനോൻ, എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിക്കുകയും ചെയ്തു.

## അടിയന്തിരപ്രമേയം

മൺസൂൺകാല ട്രോളിംഗ് നിരോധനം

**മി. സ്പീക്കർ** : കഴിഞ്ഞ വെള്ളിയാഴ്ച അർദ്ധരാത്രി മുതൽ മൺസൂൺകാല ട്രോളിംഗ് നിരോധനം മുൻ വർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി മോട്ടോറൈസ്ഡ് ബോട്ടുകൾക്കു പുറമേ ഇൻബോർഡ് എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങൾ ഉപയോഗിക്കുന്ന

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കു കൂടി ബാധകമാക്കിയതിനെത്തുടർന്ന് കടൽത്തീരത്ത് ഉണ്ടായിരിക്കുന്ന സംഘർഷങ്ങളേയും അനിഷ്ട സംഭവങ്ങളേയും കുറിച്ച് റൂൾ 50 അനുസരിച്ച് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഡോ. തോമസ് ഐസക്, സർവ്വശ്രീ ബിനോയ് വിശ്വം, സി.കെ. നാണു, പി.സി. ജോർജ്, വി.സി. കബീർ, എ.എ. അസീസ്, എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (**<u>പ്രൊഫ. കെ.വി. തോമസ്</u>**) : ജൂൺ 14-ാം തീയതി അർദ്ധരാത്രി മുതൽ മുൻകാലങ്ങളിലെപ്പോലെതന്നെ മൺസൂൺകാല ട്രോളിംഗ് നിരോധനം ആരംഭിച്ചു. ഇക്കാര്യത്തിൽ പുതുതായിട്ട് ഒരു നിബന്ധനയും ഈ ഗവൺമെൻറ് കൊണ്ടുവന്നിട്ടില്ല. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന ഔട്ട്ബോർഡ് എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങളും കട്ടമരങ്ങളും കടലിൽ പോകുന്നത് നിരോധിച്ചിട്ടില്ല. യന്ത്രവൽക്കൃത ബോട്ടുകൾക്ക് മാത്രമാണ് നിരോധനമുള്ളത്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ബാൻ ചെയ്തിട്ടുള്ള നെറ്റുകൾ ഉപയോഗിക്കുന്നതും യന്ത്രവൽക്കൃത ബോട്ടുകൾ ഉപയോഗിക്കുന്നതിന്റെ രണ്ടിരട്ടി ശക്തിയുള്ള ഇൻബോർഡ് എഞ്ചിനുകൾ ഘടിപ്പിച്ചതുമായ വള്ളങ്ങൾ കടലിൽ ഇറക്കാൻ പാടില്ലെന്ന് സംസ്ഥാന ഗവൺമെന്റ് ഇപ്പോൾ തീരുമാനമെടുത്തിട്ടുണ്ട്. കേരളത്തിൽ ഇപ്പോൾ വളരെ രൂക്ഷമായിക്കൊണ്ടിരിക്കുന്ന കടൽക്ഷോഭത്തിന് പരിഹാരം കണ്ടെത്തുന്നതിന് സംസ്ഥാന ഗവൺമെന്റ് കൂടുതൽ ശ്രദ്ധ ചെലുത്തുന്നുണ്ട്. ഈ പ്രശ്നത്തെ രാഷ്ട്രീയവത്കരിക്കാനുള്ള ശ്രമത്തിൽനിന്ന് പ്രതിപക്ഷം പിന്തിരിയണം.

**<u>ഡോ.തോമസ് ഐസക്</u>**: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം തൃപ്തികരമല്ല. കേരളത്തിലെ തീരപ്രദേശങ്ങളിൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയതിനെത്തുടർന്ന് സംഘർഷാവസ്ഥ നിലനിൽക്കുകയാണ്. ട്രോളിംഗ് നിരോധന കാര്യത്തിൽ നിലവിലുള്ള നിയമങ്ങളിൽ മാറ്റമൊന്നും വരുത്തിയിട്ടില്ലെന്നുള്ള സർക്കാരിന്റെ വാദം വാസ്തവവിരുദ്ധമാണ്. ഈ ഗവൺമെന്റ് പ്രഖ്യാപിച്ച ഫിഷറീസ് നയത്തിൽ പറഞ്ഞിട്ടുള്ള പല കാര്യങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഈ വർഷത്തെ ട്രോളിംഗ് നിരോധന ഉത്തരവ് പുറത്തിറക്കിയത്. ഇപ്പോൾ ആദ്യമായിട്ടാണ് ഇൻബോർഡ് എഞ്ചിനുകൾ ഘടിപ്പിച്ച വള്ളങ്ങൾ കടലിൽ പോകുന്നത് നിരോധിക്കുന്നത്. ഇന്ധനം ലാഭിക്കുന്നതിനുവേണ്ടിയാണ് മത്സ്യത്തൊഴിലാളികൾ വള്ളങ്ങളിൽ ഇൻബോർഡ് എഞ്ചിനുകൾ ഘടിപ്പിക്കുന്നത്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിന്റെ 25 ശതമാനവും ലഭിക്കുന്നത് മൺസൂൺകാല മത്സ്യബന്ധനത്തിൽ കൂടിയാണ്. ഇൻബോർഡ് എഞ്ചിനുകൾ നിരോധിച്ചതോടുകൂടി മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാകും. മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസ ആനുകൂല്യം വിതരണം ചെയ്യുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് ദയനീയമായി പരാജയപ്പെട്ടു. ഈ സാഹചര്യത്തിൽ ഗവൺമെൻറ് പ്രഖ്യാപിച്ച മൺസൂൺകാല ട്രോളിംഗ് നിരോധന ഉത്തരവിലെ പല വ്യവസ്ഥകളും പരമ്പരാഗത മത്സ്യത്തൊഴിലാളികളെ വളരെ ദോഷകരമായി

ബാധിക്കുമെന്നുള്ളതുകൊണ്ട് ഈ വിഷയത്തെ സംബന്ധിച്ച് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി **(പ്രൊഫ. കെവി. തോമസ്)**: മൺസൂൺ കാലഘട്ടത്തിൽ ഈ ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ മുഴുവൻ ചെയ്തിട്ടുണ്ട്. ഈ ഗവൺമെന്റ് സമ്പാദ്യ സമാശ്വാസ തുക 1020 രൂപയിൽ നിന്നും 1200 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഔട്ട്ബോഡ് എഞ്ചിൻ ഉപയോഗിക്കുന്നതും കട്ടമരങ്ങളിൽ പോകുന്നതും നിരോധിച്ചിട്ടില്ല. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ നിരോധിച്ച വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം അനുവദിക്കുകയില്ല. മത്സ്യനയവുമായി ബന്ധപ്പെട്ടല്ല നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്, മറിച്ച് ട്രോളിങ്ങുമായി ബന്ധപ്പെട്ടുകൊണ്ടാണ്. മുൻകാലങ്ങളിൽ അനുവർത്തിച്ചുവന്ന നിബന്ധനകൾ മാത്രം ഉൾപ്പെടുത്തിക്കൊണ്ടാണ് ട്രോളിംഗിന് നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്. സഭാ നടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

## ശ്രദ്ധ ക്ഷണിക്കൽ

(1) കശുവണ്ടിത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

**ശ്രീ. എ.എ. അസീസ്**: കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പക്സിന്റെയും കീഴിലുള്ള കശുവണ്ടി ഫാക്ടറികളിൽ ജോലി ചെയ്യുന്ന 27,000-ഓളം വരുന്ന തൊഴിലാളികൾക്ക് കഴിഞ്ഞ ഒരുവർഷമായി ഒരുദിവസം പോലും ജോലി ലഭിച്ചിട്ടില്ല. കശുവണ്ടി ഫാക്ടറികളിൽ ജോലി ചെയ്യുന്ന തൊഴിലാളികളിൽ 90 ശതമാനവും സ്ത്രീകളാണ്. മഴക്കാലം ആരംഭിച്ചതോടുകൂടി ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ പട്ടിണിയിലായിരിക്കുന്നു. പട്ടിണി മരണം ഉണ്ടാകുമോയെന്നുവരെ ഭയാശങ്കയുണ്ട്. സ്വകാര്യ മേഖലയ്ക്ക് പ്രോൽസാഹനം നൽകുന്ന രീതിയിൽ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ കുറച്ചുകൊണ്ടുള്ള ഒരു ഉത്തരവ് കഴിഞ്ഞ മാസം 3-ാം തീയതി ഇറക്കിയിരിക്കുകയാണ്. കശുവണ്ടി മുതലാളിമാർ തൊഴിലാളികളെ ചൂഷണം ചെയ്യുന്നതിനായി പുതിയ ഫാക്ടറികൾ ആരംഭിക്കുകയും നിയന്ത്രണം ലംഘിച്ചുകൊണ്ട് കുടിവറുപ്പ് നടത്തുകയും ചെയ്യുന്നു. രാജ്യത്തിന് വിദേശനാണ്യം നേടിത്തരുന്ന ഒരു മേഖലയാണിത് എന്നുള്ള വസ്തുതയും കണക്കിലെടുക്കേണ്ടതുണ്ട്. കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പക്സിന്റെയും കീഴിലുള്ള ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുകയും തൊഴിലാളി ദ്രോഹ ഉത്തരവ് പിൻവലിക്കുകയും ചെയ്യണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി **(ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി)**: ഇവിടെ സൂചിപ്പിച്ച താത്വികമായ കാര്യങ്ങളോട് യോജിക്കുന്നു. ഈ മേഖലയിൽ സാംപത്തിക പ്രതിസന്ധിയുണ്ട്. മുൻകാലങ്ങളിലെപ്പോലെ ഈ വ്യവസായം നടക്കുന്നില്ല. ലോക കമ്പോളത്തിൽ പരിപ്പിന് വളരെ വില കുറവാണ്. കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പക്സ് എന്നീ സ്ഥാപനങ്ങളിലെ ചെലവ് ചുരുക്കി അവ വയബിളായി ദീർഘകാലത്തേയ്ക്ക് പ്രവർത്തിപ്പിക്കാനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. ചെലവ് ചുരുക്കാനുള്ള നടപടികളോട് എല്ലാവരും സഹകരിക്കണം. തൊഴിലാളികളുടെ ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്.

(2) വിവിധ ഏജൻസികളിൽനിന്നും ഭവനനിർമ്മാണ വായ്പ എടുത്തിട്ടുള്ള മൽസ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

**ശ്രീ.ടി.എൻ. പ്രതാപൻ**: കേരളത്തിലെ പരംപരാഗത മൽസ്യ മേഖലയിലെ തൊഴിലാളികൾക്ക് വീട് നിർമ്മിച്ചുനൽകുന്നതിന് മൽസ്യത്തൊഴിലാളി ക്ഷേമ കോർപ്പറേഷനും മൽസ്യഫെഡും ഏറ്റെടുത്തിരുന്ന ഉത്തരവാദിത്വം ഇന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിരിക്കുന്നു. ശാരീരിക അവശത, മൽസ്യ ദൗർലഭ്യം, മൽസ്യ ബന്ധന ഉപകരണങ്ങളുടെ ഇല്ലായ്മ , ഗൃഹനാഥന്റെ മരണം എന്നീ കാരണങ്ങളാൽ ഭവന നിർമ്മാണ വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ തൊഴിലാളികൾ ജപ്തി നടപടികളെ നേരിടുകയാണ്. ഈ പദ്ധതിപ്രകാരം നിർമ്മിച്ച വീടുകൾ പലതും നശിച്ചിരിക്കുന്നു. മാത്രമല്ല, സ്ഥലത്തിന്റെ പ്രമാണവും മറ്റു രേഖകളും മൽസ്യഫെഡ്ഡിന്റെ പക്കലാണ്. കടബാദ്ധ്യത വന്ന ഈ തൊഴിലാളികളുടെ വായ്പ എഴുതിത്തള്ളാനും, പട്ടയങ്ങളും ആധാരങ്ങളും തിരിച്ചുനൽകാനും, ഫിഷറീസ് വകുപ്പിന്റെ നാൽപതിനായിരം രൂപ ഗ്രാന്റ് നല്കുന്ന ഭവന നിർമ്മാണ പദ്ധതിയിൽപ്പെടുത്തി ഇവർക്ക് ധനസഹായം നൽകാനും, ഭവന നിർമ്മാണ വായ്പാ
സ്കീമുകൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണം മാറ്റി ജപ്തി നടപടിയിൽനിന്നും ഒഴിവാക്കാനും നടപടി സ്വീകരിക്കണം.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (**പ്രൊഫ. കെ.വി. തോമസ്**): ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ആവശ്യങ്ങൾ പരിഗണാനാർഹമാണ്. മൽസ്യഫെഡ് ഹഡ്കോയിൽനിന്നും വായ്പ എടുത്തത് 50 ശതമാനം ലോണും 50 ശതമാനം സബ്സിഡിയുമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 189 മൽസ്യത്തൊഴിലാളികൾ ഈവകയിൽ 12 ലക്ഷം രൂപ ഗവൺമെന്റിൽ അടയ്ക്കാനുണ്ട്. എന്നിരുന്നാലും ഈ തൊഴിലാളികളുടെ ബുദ്ധിമുട്ട് പരിഗണിച്ച് ഉദാരമായ ഒരു സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഒരുകാരണവശാലും വായ്പ അടയ്ക്കാത്തതിന്റെ പേരിൽ വീട് ഒഴിയേണ്ടി

വരികയോ ജപ്തി നടപടികൾ ഉണ്ടാവുകയോ ഇല്ല. ഈ വർഷം ഗവൺമെന്റ് നടപ്പാക്കുന്ന നാൽപതിനായിരം രൂപ ഗ്രാന്റ് നൽകുന്ന പദ്ധതിയിൽപ്പെടുത്തി ഇവരെ സഹായിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മൽസ്യത്തൊഴിലാളി കോളനികളുടെ അറ്റകുറ്റപ്പണി, സാനിറ്റേഷൻ, കുടിവെള്ളം എന്നീ പദ്ധതികൾക്കായി കേന്ദ്ര ഗവൺമെന്റ് 15 കോടി രൂപ അനുവദിച്ചു. ആ പദ്ധതിയിലുൾപ്പെടുത്തി വായ്പ അനുവദിക്കുന്ന സംവിധാനം ഏർപ്പെടുത്തുന്നതാണ്. ഈ സ്കീം പ്രകാരം നൽകിയിട്ടുള്ള ചെക്കുകൾ ട്രഷറി നിയന്ത്രണത്തിൽനിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ ധനകാര്യവകുപ്പ് ആരംഭിച്ചിട്ടുണ്ട്. മാത്രമല്ല, വായ്പത്തുകയുടെ ബാക്കി ഗഡുക്കൾ ക്ളിയർ ചെയ്യുന്ന നടപടികളും നടന്നുവരുന്നു.

**സബ്മിഷൻ:**

(1) <u>ക്ഷീരകർഷകരിൽനിന്നും മിൽമ വാങ്ങുന്ന പാലിന്റെ വില കുറയ്ക്കാനുള്ള തീരുമാനം</u>

**<u>ശ്രീ. ടി.എച്ച്. മുസ്തഫ:</u>** കാർഷികരംഗത്തെ പ്രധാന ഇനമായ ക്ഷീരോൽപാദന രംഗം ഇന്ന് തകർന്നുകൊണ്ടിരിക്കുന്നു. പാലിന് ലിറ്ററിന് 10 രൂപ നൽകണമെന്നാണ് ഗവൺമെന്റ് ഉത്തരവ്. എന്നാൽ ഏഴു രൂപ മുതൽ ഒൻപത് രൂപവരെ വില നൽകിക്കൊണ്ട് എറണാകുളം മേഖലാ യൂണിയൻ ക്ഷീരോൽപാദകരിൽനിന്നും സംഭരിക്കുന്ന പാൽ ലിറ്ററിന് 13 രൂപയ്ക്ക് വിൽക്കുംപോഴും വർഷത്തിൽ ഒരു കോടി രൂപ നഷ്ടത്തിലാണ് ആ സ്ഥാപനം പ്രവർത്തിക്കുന്നത്. ഇപ്പോൾ ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദമില്ലാതെ ഒരു സർക്കുലറിലൂടെ രണ്ടര രൂപ വിലകുറയ്ക്കാനുള്ള തീരുമാനം ക്ഷീരകർഷകരെ ദ്രോഹിക്കലാണ്. പാവപ്പെട്ട തൊഴിലാളികളെ ചൂഷണം ചെയ്യുന്ന ഈ സ്ഥാപനത്തിന്റെ ധൂർത്തിനെയും കെടുകാര്യസ്ഥതയെയും കുറിച്ച് അന്വേഷിക്കാനും പാലിന് നല്ല വില ലഭ്യമാക്കാനും ഗവൺമെന്റ് നടപടി സ്വീകരിക്കണം.

കൃഷിയും കയറും വകുപ്പുമന്ത്രി **<u>(ശ്രീമതി കെ ആർ. ഗൗരിയമ്മ</u>** ) പാലിന്റെ ലഭ്യതയനുസരിച്ചാണ് വില നിശ്ചയിക്കുന്നത് . കൂടുതലായി ലഭിക്കുന്ന ഒരു ലക്ഷത്തോളം ലിറ്റർ പാൽ പൊടിയാക്കുന്നതുമൂലം ഉണ്ടാകുന്ന നഷ്ടം `ഒരു കപ്പ് പാലും ഷേക്ഹാന്റും` പദ്ധതി നടപ്പിലാക്കുന്നതോടെ നികത്തപ്പെടും. എറണാകുളം മേഖലാ പാലുല്പാദക യൂണിയന്റെ റീഹാബിലിറ്റേഷന് ഗവൺമെന്റ് പ്രത്യക പരിഗണന നൽകുന്നതാണ്.

(2) <u>കണ്ണൂർ ജില്ലയിലെ രാഷ്ട്രീയ പാർട്ടി നേതാക്കൾക്കെതിരെയുള്ള ലോക്കപ്പ് മർദ്ദനം</u>

**<u>ശ്രീ . കോടിയേരി ബാലകൃഷ്ണൻ</u>**: കണ്ണൂർ ജില്ലയിലെ സി.പി. ഐ (എം.)

പ്രവർത്തകരെ കള്ളക്കേസ്സുകളിൽ പ്രതികളാക്കി ലോക്കപ്പിലിട്ട് ക്രൂരമായി മർദ്ദിക്കുന്നു . അക്രമങ്ങളിൽ രാഷ്ട്രീയനേതാക്കളേയും അറസ്റ്റ്ചെയ്യുമെന്ന് ഡി.ജി.പി. ഈയിടെ

പ്രസ്താവിക്കുകയുണ്ടായി . കണ്ണൂർ ജില്ലയിലെ ലോക്കപ്പ് മർദ്ദനങ്ങളെപ്പറ്റി അന്വേഷണം നടത്തുകയും മേലിൽ ഇത് ആവർത്തിക്കാതിരിക്കാനുള്ള കരുതൽ നടപടികൾ സ്വീകരിക്കുകയും ചെയ്യണം

മുഖ്യമന്ത്രി **(ശ്രീ. എ. കെ. ആന്റണി)**: കണ്ണൂർ ജില്ലയിൽ രാഷ്ട്രീയ നേതാക്കൻമാരെയോ സംഘടനാ പ്രതിനിധികളെയോ കള്ളക്കേസ്സുകളിൽ പ്രതികളാക്കുമെന്ന് യാതൊരു ഉത്തരവും പുറപ്പെടുവിച്ചിട്ടില്ല അക്രമ സംഭവങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസ്സുകളിൻമേൽ അന്വേഷണം നടത്തി തെളിവുകളുടെ അടിസ്ഥാനത്തിൽ പ്രതികൾക്കെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(3) സർവീസ് പെൻഷൻകാർക്ക് മണി ഓർഡർ ആനുകൂല്യം പുന:സ്ഥാപിക്കുന്നത് സംബന്ധിച്ച്

**ശ്രീ. എം. മുരളി**: അംഗവൈകല്യമുള്ളവർക്കും ശയ്യാവലംബിയായവർക്കും വാർദ്ധക്യത്തിലെത്തിയവർക്കും പെൻഷൻ മണി ഓർഡറായി നൽകുന്ന നടപടി പുന:സ്ഥാപിക്കണം. കേരളത്തിന് പുറത്തുള്ളവർക്ക് നാഷണലൈസ്ഡ് ബാങ്കുകളോടൊപ്പം കമ്മേഴ്സ്യൽ ബാങ്കുകളെക്കൂടി ഉൾപ്പെടുത്തണം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി **(ശ്രീ. കെ. ശങ്കരനാരായണൻ)**: സർവ്വീസ് പെൻഷൻ മണി ഓർഡറായി അയയ്ക്കുന്നതുമൂലം ഗവൺമെന്റിന് 14 കോടി രൂപയുടെ ചെലവ് വരുന്നുണ്ട്. ഇപ്പോഴും സ്വന്തം ചെലവിൽ മണി ഓർഡറായി പെൻഷൻ സ്വീകരിക്കാവുന്നതാണ്. മിനിമം പെൻഷൻകാർ, 75 വയസ് കഴിഞ്ഞവർ, വികലാംഗർ, നടക്കാൻ കഴിയാത്തവർ എന്നിവർക്ക് സർക്കാർ ചെലവിൽ മണി ഓർഡറായി പെൻഷൻ നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(4) എസ്. സി. പി. ഫണ്ടിൽനിന്നും അനുവദിച്ച തുക സംഘങ്ങൾക്ക് വിതരണം ചെയ്യണമെന്നത് സംബന്ധിച്ച്

**ശ്രീ. എൻ. രാജൻ:** 2001-2002 വർഷത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വ്യവസായ സഹകരണസംഘങ്ങൾക്ക് എസ്. സി. പി. ഫണ്ടിൽനിന്നും അനുവദിച്ച 50 ലക്ഷം രൂപ റിലീസ് ചെയ്യാനുള്ള നടപടി സ്വീകരിക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി **(ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി)**: ട്രഷറി ക്ളിയറൻസ് കിട്ടാത്തതാണ് പ്രശ്നം. തുക എത്രയും പെട്ടെന്ന് റിലീസ് ചെയ്യാൻ ശ്രമിക്കാം.

(5) <u>കള്ളുഷാപ്പുകൾ ലൈസൻസ് എടുത്ത് നടത്തിക്കാൻ ആളില്ലാത്തതിനെത്തുടർന്ന് സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള സ്തംഭനാവസ്ഥ</u>

**<u>ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ</u>**: കള്ളുഷാപ്പുകൾ ലേലത്തിൽപോകാത്തതുമൂലം തൊഴിൽ നഷ്ടപ്പെട്ട തൃശൂർ ജില്ലയിലെ ചെത്തു തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡിൽനിന്നും 5000 രൂപ വീതം സഹായധനവും തൊഴിൽ ലഭിക്കുന്നതുവരെ സൗജന്യ റേഷനും നൽകണം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി **(<u>ശ്രീ. കെ. ശങ്കരനാരായണൻ</u>)**: ലൈസൻസിംഗ് സിസ്റ്റത്തിൽ പോകാത്ത തൃശൂർ മേഖലയിലെ കള്ളുഷാപ്പുകൾ ദീർഘകാലമായി നടന്നുവരുന്ന സിസ്റ്റത്തിനനുസൃതമായി പ്രവർത്തിപ്പിച്ച് തൊഴിലാളികൾക്ക് ജോലി കിട്ടാനുള്ള സാഹചര്യമുണ്ടാക്കുന്നതാണ്.

(6) <u>കണിയമംഗലം വക്കാലമംഗലം ഡാം റോഡും കണ്ണംപ്ര–മണപ്പാടം റോഡും ഗതാഗതയോഗ്യമാക്കൽ സംബന്ധിച്ച്</u>

**<u>ശ്രീ. വി. ചെന്താമരാക്ഷൻ</u>** : ആലത്തൂർ നിയോജകമണ്ഡലത്തിലെ കണിയമംഗലം വക്കാലമംഗലം ഡാം റോഡും കണ്ണംപ്ര–മണപ്പാടം റോഡും വീതി കൂട്ടി എത്രയും വേഗം ഗതാഗതയോഗ്യമാക്കണം.

മരാമത്ത് വകുപ്പുമന്ത്രി **(<u>ശ്രീ. എം. കെ. മുനീർ</u>)**: കണിയമംഗലം വക്കാലമംഗലം ഡാം റോഡും കണ്ണംപ്ര–മണപ്പാടം റോഡും മുൻ വർഷങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തിയിരുന്നു. റോഡിന്റെ ശോച്യാവസ്ഥ കണക്കിലെടുത്ത് ഉപരിതല പുതുക്കൽ പണിയും വീതികൂട്ടി എം. ഡി. ആർ. നിലവാരത്തിലുള്ള പുനരുദ്ധരിക്കൽ പണിയും നടന്നുവരുന്നു. ഈ വർഷത്തെ ബഡ്ജറ്റിൽ 9 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. 47 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

## നിയമനിർമ്മാണകാര്യം

**<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്തപ്രകാരമുള്ള 2002-ലെ കേരള പൊതു വിൽപ്പന നികുതി (ഭേദഗതി) ബിൽ</u>**

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി **(<u>ശ്രീ. കെ. ശങ്കരനാരായണൻ)</u>**: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്തപ്രകാരമുള്ള 2002–ലെ കേരള പൊതു വിൽപ്പന നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന
പ്രമേയം അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി **(ശ്രീ. എം. വി. രാഘവൻ)** പ്രമേയത്തെ പിന്താങ്ങുന്നു.

**ഡോ. തോമസ് ഐസക്:** 2001-ലെകേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബില്ലിലെ നിർദ്ദേശങ്ങളോട് വിയോജിപ്പാണുള്ളത്. നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി നടത്തിയ പ്രസംഗത്തിൽ ഇവിടെ പർച്ച ചെയ്യുന്ന ഭേദഗതി ബില്ലിലെ നികുതി വർദ്ധനവിനെക്കുറിച്ച് പരാമർശിച്ചിട്ടില്ല, അദ്ദേഹം എടുത്തു പറഞ്ഞത് നികുതിഘടനയിൽ പരിഷ്ക്കാരങ്ങൾ വരുത്തുന്നതല്ലാതെ നികുതി വർദ്ധനവ് ഉദ്ദേശിക്കുന്നില്ലെന്നാണ്. ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ സിങ്കിൾ പോയിന്റ് നികുതിയേർപ്പെടുത്തിയിരുന്നത് വീണ്ടും ഭേദഗതി ചെയ്ത് ഡബിൾ പോയിൻറ് ആക്കി. പെട്രോളിയം ഉൽപ്പന്നങ്ങൾക്കും മറ്റും വില വർദ്ധനവുണ്ടാക്കി. മാക്സിമം സീലിംഗ് വച്ചിട്ടുണ്ടെങ്കിലും കാലാകാലങ്ങളിൽ ഗസറ്റ് നോട്ടിഫിക്കേഷൻ വഴിയാണ് നികുതി പിരിക്കുന്നത്. കേന്ദ്ര സർക്കാർ അഡ്മിനിസ്ട്രേഡ് പ്രൈസിംഗ് മെക്കാനിസം മാറ്റുന്നു എന്നുപറഞ്ഞാണ് ഏകമുഖ നികുതി ബഹുമുഖനികുതിയാക്കിയത്. അപ്രകാരം പെട്രോളിന് 15% നികുതിയുണ്ടായിരിന്നത് 44% ആയി ഉയർത്തി. കേരള ചരിത്രത്തിൽ ഇതിനുമുൻപ് ഇതുപോലെ നികുതിനിരക്കുകളിൽ വർദ്ധനവുണ്ടായിട്ടില്ല. 1963-ലെ കേരള പൊതുവില്പന നികുതി നിയമം 1980-ലും 2000-ത്തിലും പരിഷ്ക്കരിച്ചു നികുതി വർദ്ധിപ്പിച്ചു. ഈ കാലയളവിലെല്ലാം ഉണ്ടായ വർദ്ധനവിനേക്കാൾ ഇരട്ടി വർദ്ധനയാണ് ഈ 3 മാസം കൊണ്ട് വരുത്തിയിരിക്കുന്നത്. നികുതി പിരിച്ചെടുക്കുന്നതിൽ ഉദാസീനതയാണ് ഗവൺമെന്റ് കാണിക്കുന്നത്. നികുതി പിരിക്കുന്നതുമായി ബന്ധപ്പെട്ടുള്ള കടകളുടെ പരിശോധനയും വാഹന പരിശോധനയും 2000-2001 വർഷത്തേക്കൾ കുറഞ്ഞ നിരക്കിലാണ് 2001-2002 വർഷത്തിൽ നടത്തിയിട്ടുള്ളത്. നികുതി വെട്ടിപ്പുകാരുമായിട്ട് ഒത്തുതീർപ്പിലെത്തുക എന്നുള്ള സമീപനമാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത് നികുതി വെട്ടിപ്പുകാർ സംഘടിതമായി കട പരിശോധനയെ എതിർക്കുന്നു. വില്പന നികുതി ഇനത്തിൽ കഴിഞ്ഞവർഷം പ്രതീക്ഷിച്ചതിനേക്കാൾ 700 കോടി രൂപ കുറവാണ് ലഭിച്ചിട്ടുള്ളത്. 2001 ഒന്നാം മാസത്തിലെ വില്പനനികുതി കുടിശ്ശികയേക്കാൾ 2002-ലെ വില്പന നികുതി കുടിശ്ശിക കൂടിയിരിക്കുകയാണ്. സംസ്ഥാനം ഇത്രയേറെ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന അവസരത്തിലും വില്പനനികുതി കുടിശ്ശിക പിരിച്ചെടുക്കാൻ ഗവൺമെന്റ് ജാഗ്രത കാണിക്കുന്നില്ല. ഇതു സംബന്ധിച്ച് കോടതികളിലുള്ള കേസുകളിൽ വന്നിട്ടുള്ള സ്റ്റേകളുടെ കണക്കുനോക്കിയാൽ ഗവണമെന്റ് നികുതി പിരിവിൽ ശുഷ്ക്കാന്തി കാണിക്കുന്നില്ല എന്നത് വ്യക്തമാകും. നികുതി കർശനമായി പിരിച്ചെടുക്കുന്നതിന് പകരം പുതിയ നികുതി ഏർപ്പെടുത്തി ജനങ്ങളുടെമേൽ അധികഭാരം അടിച്ചേല്പിക്കുന്ന തരത്തിലുള്ള നയത്തിന്റെ ഭാഗമായിട്ടാണ് 2002-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ ഭേദഗതി ബില്ലിനെ വളരെ ശക്തിയായി എതിർക്കുന്നു.

**ശ്രീ. കെ. എൻ. എ. ഖാദർ**: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള പൊതുവിൽപന നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇന്നത്തെ പ്രത്യേകമായ സാഹചര്യത്തിൽ നികുതി ഘടനയിൽ വരുത്തിയിരിക്കുന്ന മാറ്റങ്ങൾ സ്വാഗതാർഹമാണ്. നികുതിഘടനയിൽ കേന്ദ്രഗവൺമെന്റ് വരുത്തിയ ചില മാറ്റങ്ങൾക്കനുസരിച്ച് സംസ്ഥാനത്ത് നിലവിലുള്ള നികുതികളും ഏകീകരിക്കുന്നതിനു വേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിൽപ്പന നികുതി പിരിവിൽ 32 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. പ്രവേശന നികുതി ഏർപ്പെടുത്തിയതുമൂലം രജിസ്റ്റേർഡ് വ്യവസായികൾക്ക് അസംസ്കൃത പദാർത്ഥങ്ങൾ കൊണ്ടുവരുന്നതിന് ബുദ്ധിമുട്ടുണ്ടായിട്ടുള്ളതിനാൽ അസംസ്കൃത പദാർത്ഥങ്ങൾക്ക് ഏർപ്പെടുത്തിയ പ്രവേശന നികുതി പിൻവലിക്കണം. സാമ്പത്തിക രംഗത്ത് ശക്തമായ നടപടികൾ ഏർപ്പെടുത്തിയതിന്റെ ഫലമായി വിലക്കയറ്റം തടയാനും റബ്ബർ, വെളിച്ചെണ്ണ തുടങ്ങിയവയുടെ വില വർദ്ധിപ്പിക്കുവാനും കഴിഞ്ഞു. സ്വർണ്ണം തുടങ്ങിയ ആഡംബര വസ്തുക്കൾക്ക് നികുതി വർദ്ധിപ്പിച്ച സമീപനവും സ്വാഗതാർഹമാണ്. സാമ്പത്തികരംഗം ഉൾപ്പെടെ എല്ലാ മേഖലകളിലും ആഗോളതലത്തിലുണ്ടായിട്ടുള്ള മാറ്റങ്ങൾ ഉൾക്കൊള്ളാതെ കേരളം പരമ്പരാഗത ശൈലിയിൽ തന്നെ എന്നും മുന്നോട്ടു പോകണമെന്ന പിടിവാശി സംസ്ഥാനത്തിന്റെ വികസനത്തെ പ്രതികൂലമായി ബാധിക്കും. ബഹുരാഷ്ട്ര കമ്പനികൾ കമ്പോളത്തിൽ ആധിപത്യം ഉറപ്പിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ നികുതി ഘടനയിൽ വരുത്തുന്ന മാറ്റങ്ങളിലൂടെ ജനങ്ങളുടെ ജീവിതരീതിയിൽ ഗുണപരമായ മാറ്റങ്ങളുണ്ടാക്കാൻ ഗവൺമെന്റിന് കഴിയും. തകർച്ച നേരിടുന്ന കാർഷിക മേഖലയുടെ മുരടിപ്പ് മാറ്റിയെടുക്കുന്നതിന് ഗവൺമെന്റ് നടത്തിവരുന്ന ശ്രമങ്ങൾ സ്വാഗതാർഹമാണ്. 1100 കൃഷി ഭവനുകളും 1398 ഗസറ്റഡ് ഉദ്യോഗസ്ഥൻമാരും മൂവായിരത്തോളം താഴെക്കിടയിലുള്ള ഉദ്യോഗസ്ഥൻമാരും ഉണ്ടായിട്ടും കാർഷിക മേഖലയിലെ ഉല്പാദനം അതിനനുസൃതമായി വർദ്ധിപ്പിക്കാൻ കഴിയുന്നില്ലെന്ന യാഥാർത്ഥ്യം ഗവൺമെന്റ് അംഗീകരിക്കണം. കേരളത്തിന്റെ സാമ്പത്തിക വളർച്ചയിൽ അടിസ്ഥാനപരമായ മാറ്റം ഉണ്ടാക്കിയെടുക്കുന്നതിന് ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാപേരും സഹകരിക്കണം. പരംപരാഗതമായ സങ്കല്പങ്ങൾ മാറണം. കേരളത്തിൽ ആവശ്യമായ പ്രൊഫഷണൽ കോളേജുകൾ ഇല്ലാത്തതിന്റെ ഫലമായി 30,000 വിദ്യാർത്ഥികൾ മംഗലാപുരത്തുപോയി പഠിക്കുന്നുണ്ട്. അതുവഴി 70 കോടിയോളം രൂപ ഓരോ അക്കാഡമിക് ഇയറിലും അവിടെ ചെലവഴിക്കുന്നുണ്ട്. അത് കേരളത്തിൽ ചെലവഴിക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കുകയാണു വേണ്ടത്. സാമ്പത്തികമായി വലിയ ബാദ്ധ്യത ഇല്ലാതെ തന്നെ വിദ്യാഭ്യാസ രംഗത്ത് മാറ്റമുണ്ടാക്കാൻ സാധിക്കും. സാധാരണക്കാരായ ഉപഭോക്താക്കൾക്കും വ്യാപാരി വ്യവസായികൾക്കും ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ മാത്രമേ നികുതി ഘടനയിൽ മാറ്റം വരുത്താവൂ. തൊഴലില്ലാത്തവരുടെ എണ്ണം 44 ലക്ഷം ആണെങ്കിലും സാങ്കേതിക രംഗത്ത് ജോലിക്കാരെ

അന്വേഷിച്ച് നടക്കേണ്ട സ്ഥിതിയാണ് കേരളത്തിലുള്ളത്. സാമ്പത്തിക രംഗത്ത് മാറ്റം വരുത്തുമ്പോൾ രാഷ്ട്രീയ നിറം നോക്കരുത്. ലോകത്തെ വിഴുങ്ങാൻ കഴിയുന്ന ശക്തിയായി ലോക മുതലാളിത്തം മാറിയതിന് കാരണം ആഗോളവൽക്കരണത്തിന് ബദലായ ശക്തമായ നയങ്ങൾ രൂപപ്പെടാത്തതുമൂലമാണ്. കേരളത്തിലെ സമസ്ത മേഖലകളിലും ഇന്ന് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന മുരടിപ്പിന് പരിഹാരമുണ്ടാക്കുന്നതിന് ലോക സാഹചര്യങ്ങൾക്കും ഇൻഡ്യൻ സാഹചര്യങ്ങൾക്കും അനുയോജ്യമായ വിധത്തിൽ കാലാനുസൃതമായ മാററങ്ങൾ ഉണ്ടാക്കണം. കേരളത്തിലെ ബാങ്കുകളിൽ കെട്ടിക്കിടക്കുന്ന പണം സംസ്ഥാനത്തെ വികസനപ്രവർത്തങ്ങൾക്ക് ഉപയുക്തമാക്കണം. സമ്പന്ന വിഭാഗങ്ങളുടെ കൈവശം ഐഡിലായിട്ട് ഇരിക്കുന്ന പണം വ്യാവസായിക മേഖലയിൽ ഉപയോഗപ്പെടുത്തുന്നതിന് എങ്ങനെ സ്വരൂപിക്കാമെന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണം. ഈ ഭേദഗതി ബില്ലിനെ സ്വാഗതം ചെയ്യുന്നു.

**<u>ശ്രീ.വി.ഡി. സതീശൻ:</u>** സബ്ജക്ട് കമ്മിററി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2002-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മററിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയാണ് നികുതി ഘടനയിലെ ഡബിൾ പോയിന്റ് സമ്പ്രദായം സിംഗിൾ പോയിന്റ് സമ്പ്രദായമാക്കി മാററുന്നത്. ഇത് ഗവൺമെന്റിന് നികുതി പിരിക്കാനുള്ള അവകാശം കൊടുക്കുക മാത്രമാണ് ചെയ്യുന്നത്. ജനങ്ങൾക്ക് ദോഷകരമായ ഒരു ഭേദഗതിയല്ല ഇത്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സെയിൽസ് ടാക്സ് കളക്ഷനിലുള്ള വളർച്ചാനിരക്ക് 13.95 ശതമാനമായി കുറയുകയും റവന്യൂ എക്സ്പെന്റിച്ചർ അമിതമായി വർദ്ധിക്കുകയും ചെയ്തു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന വർഷമായ 1995-96-ൽ ബഡ്ജററ് എസ്ററിമേററിനെക്കാൾ 16 ശതമാനം അധിക വിൽപ്പന നികുതി പിരിച്ചെടുക്കാൻ കഴിഞ്ഞു. എന്നാൽ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ഈ വർഷം പിരിച്ചെടുക്കേണ്ട 350 കോടി രൂപയുടെ വിൽപ്പന നികുതി അഡ്വാൻസായി പിരിച്ചെടുത്തു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം റവന്യൂ ഡഫിസിററും ഫിസ്ക്കൽ ഡഫിസിററും കുറച്ചുകൊണ്ടുവരുന്നതിനും ക്യാപ്പിററൽ എക്സ്പെന്റിച്ചർ വർദ്ധിപ്പിക്കുന്നതിനും സാധിച്ചു. ചെലവുചുരുക്കലിന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് മാതൃക സൃഷ്ടിച്ചു. ബഡ്ജററ് എസ്ററിമേററനുസരിച്ച് നികുതി പിരിച്ചെടുക്കാൻ കഴിയണം. മൂല്യവർദ്ധിത നികുതി സമ്പ്രദായം സംസ്ഥാനത്തിന് ദോഷകരമായി ബാധിക്കാതെ ശ്രദ്ധിക്കണം. സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ മുൻകൈ എടുക്കണം. പതിനൊന്നാം ധനകാര്യ കമ്മീഷൻ നമ്മുടെ സംസ്ഥാനത്തോട് കാണിച്ച വിവേചനം ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കണം. സംസ്ഥാനത്തെ പ്രശ്നങ്ങൾ വേണ്ടരീതിയിൽ ധനകാര്യ കമ്മീഷന്റെ മുമ്പിൽ അവതരിപ്പിച്ച് കൂടുതൽ സഹായം നേടി എടുക്കുന്നതിന് കഴിയണം. വിഭവസമാഹരണ രംഗത്ത് സംസ്ഥാനം കൂടുതൽ ശ്രദ്ധ ചെലുത്തണം. ചെക്ക്പോസ്ററുകളിലെ വരുമാനച്ചോർച്ച തടയുന്നതിന് ശക്തമായ നടപടി സ്വീകരിക്കണം.

ഈ രംഗത്ത് നിലനില്ക്കുന്ന അഴിമതി അവസാനിപ്പിക്കണം. റവന്യൂ ചെലവ് വർദ്ധിക്കുന്നതും നികുതിപിരിവ് കുറയുന്നതും സാമ്പത്തിക രംഗത്ത് ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. നിലവിലുള്ള കാലഹരണപ്പെട്ട നികുതി സമ്പ്രദായത്തിൽ കാതലായ മാററമുണ്ടാക്കണം. നികുതി പിരിച്ചെടുക്കാൻ കഴിവുള്ള ഉദ്യോഗസ്ഥന്മാരെ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളിൽ നിയമിക്കുകയും അവർക്ക് പ്രത്യേക പരിശീലനം കൊടുക്കുകയും ചെയ്യണം. 2003-ൽ സെൻട്രൽ ഗവൺമെന്റ് വാല്യൂ ആഡഡ് ടാക്സ് ഏർപ്പെടുത്തുമ്പോൾ കേരളത്തിന്റെ നികുതി ഘടനയാകെ മാറാൻ പോവുകയാണ്. ഇപ്പോൾ കിട്ടാനുള്ള നികുതി മുഴുവൻ പിരിച്ചെടുത്തെങ്കിൽ മാത്രമേ സംസ്ഥാനത്തിനുണ്ടാകാൻ പോകുന്ന നഷ്ടം കേന്ദ്രത്തിൽ നിന്ന് ക്ളെയിം ചെയ്യാൻ കഴിയൂ. നികുതി വ്യവസ്ഥ ഉദാരമാക്കി നികുതി ഘടനയിൽ കാര്യമായ മാറ്റം വരുത്തണം.

<u>**ശ്രീ. ബിനോയ് വിശ്വം**</u>: ടാക്സേഷൻ അപ്രോച്ചിലെ ദിശാബോധമില്ലായ്മയും ഗവൺമെന്റിന്റെ നയവൈകല്യവുംമൂലമാണ് ഖജനാവിന് നഷ്ടമുണ്ടാകുന്നത്. ടാക്സേഷൻ രംഗത്തുള്ള തർക്കങ്ങൾ സമയബന്ധിതമായി പരിഹരിച്ച് ഖജനാവിന് കോടിക്കണക്കിന് രൂപ യുടെ വരുമാനമുണ്ടാക്കുമെന്ന് വിഭാവന ചെയ്ത സെറ്റിൽമെന്റ് കമ്മീഷൻ ഇതുവരെ രൂപീകരിച്ചിട്ടില്ല. അഡ്മിനിസ്ട്രേഡ് പ്രൈസിംഗ് മെക്കാനിസം അനുസരിച്ച് മണ്ണെണ്ണയുടെയും എൽ.പി.ജി.യുടെയും വില മാത്രമല്ല കൂടിയത്. എ.പി.എം. പ്രൈസ് പോളിസിയിൽ മാറ്റമുണ്ടായപ്പോഴും പെട്രോളിന്റെയും ഡീസലിന്റെയും വിലയിൽ കുറവുണ്ടായിട്ടില്ല. പെട്രോൾ വിലയിലെ ചെറിയ വ്യത്യാസം പോലും കേരളത്തെ ബാധിക്കും. പ്ളാൻ പദ്ധതി വെട്ടിച്ചുരുക്കിയിരിക്കുന്ന ഈ ഗവൺമെന്റിനെ 'able' ഗവൺമെന്റ് എന്ന് പറയാൻ കഴിയുകയില്ല. ഗവൺമെന്റിന്റെ ഫിനാൻഷ്യൽ മാനേജ്മെന്റ് റിയലിസ്റ്റിക്കല്ല. 11-ാം പദ്ധതി വിഹിതത്തിൽ 3644 കോടിരൂപയുടെ കുറവുണ്ട്. കേരളത്തിന് അർഹതപ്പെട്ട പദ്ധതി വിഹിതം കേന്ദ്ര സർക്കാരിൽ നിന്ന് കണക്ക് പറഞ്ഞ് വാങ്ങാൻ യു.ഡി.എഫ്.-നോട് സഹകരിക്കാൻ എൽ.ഡി.എഫ്. തയ്യാറാണ്. നികുതി പിരിക്കുന്നതിനുവേണ്ടിയുള്ള ട്രൈബ്യൂണലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തണം. സെറ്റിൽമെന്റ് കമ്മീഷന്റെ രൂപീകരണം നികുതി പിരിവിന് സഹായകമാകുമെങ്കിൽ അതിനെപ്പറ്റി ചിന്തിക്കണം. നികുതി വകുപ്പിലെ പ്ളം പോസ്റ്റുകളിൽ കയറിപ്പറ്റുന്നവരുടെ രാഷ്ട്രീയ യജമാനന്മാരുടെ ഇടപെടൽ നികുതിച്ചോർച്ചയ്ക്ക് കാരണമാകുന്നത് അവസാനിപ്പിക്കേണ്ടതാണ്. സ്വർണ്ണത്തിന്റേയും തങ്കത്തിന്റേയും നികുതി നാല് ശതമാനമാക്കുന്നത് സംസ്ഥാനത്ത് നികുതിവെട്ടിപ്പിന് ഇടവരുത്തും. നികുതി വെട്ടിപ്പിന് പരസ്യാഹ്വാനം ചെയ്യുന്ന ഈ നടപടി സംസ്ഥാനത്തെ പുരോഗതിയിലേയ്ക്ക് നയിക്കുകയില്ല.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി <u>**(ശ്രീ.കെ. ശങ്കരനാരായണൻ)**</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ഈ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന. ബഡ്ജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കിയ

കാര്യങ്ങളല്ലാതെ മറ്റൊന്നും ഈ ബില്ലിൽ കൊണ്ടുവന്നിട്ടില്ല. ഈ ബില്ലിൽ പലതും മറച്ചുവയ്ക്കുന്നു എന്നുള്ള പ്രതിപക്ഷത്തിന്റെ ആരോപണം അടിസ്ഥാനരഹിതമാണ്. പെട്രോളിയം കമ്പനികളുടെ ഒരു പൂളാണ് പെട്രോളിയം ഉൽപന്നങ്ങളുടെ നികുതി നിശ്ചയിക്കുന്നത്. ഇവർ ഇടയ്ക്കിടെ നികുതി കൂട്ടുകയും കുറയ്ക്കുകയും ചെയ്യുന്നത് സംസ്ഥാനത്തിന് ബുദ്ധിമുട്ടാണ്. കേരളത്തിന്റെ ടാക്സ് വരുമാനത്തിന്റെ 33 ശതമാനവും ഓയിൽ പൂളിൽനിന്ന് വരുന്നതാണ്. ഈ 33 ശതമാനം അതേപടി നിലനിറുത്തിയാൽ മാത്രമേ സംസ്ഥാനത്തിന്റെ വരുമാനത്തിൽ മാറ്റം വരാതെ മുന്നോട്ടുപോകാൻ കഴിയുകയുള്ളു. ഗവൺമെന്റിന്റെ ഈ നടപടിയിൽ യാതൊരു വിധത്തിലുള്ള വ്യംഗ്യമായ പ്രേരണാശക്തിയുമില്ല. പെട്രോളിയം ഉൽപന്നങ്ങൾക്ക് അഡ്മിനിസ്ട്രേഡ് പ്രൈസിംഗ് മെക്കാനിസം നിറുത്തലാക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനമെടുത്ത അവസരത്തിൽ വികസനപ്രവർത്തനങ്ങൾക്ക് തുക കണ്ടെത്തേണ്ട സാഹചര്യം വന്നുവെന്നു മാത്രമല്ല, ഈ വർഷം പദ്ധതി വിഹിതം 4025 കോടി രൂപയായി കറഞ്ഞിരിക്കുകയുമാണ്. ഈ സാഹചര്യത്തിൽ നികുതി വരുമാനം വർദ്ധിപ്പിക്കണമെന്ന് ഗവൺമെന്റ് തീരുമാനിച്ചു. കാലാകാലങ്ങളിൽ ഗവൺമെന്റ് എടുക്കുന്ന ഇത്തരം തീരുമാനങ്ങൾ പരസ്യപ്പെടുത്താറുണ്ട്. ഇക്കാര്യവും ബഡ്ജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കിയിരുന്നു. പെട്രോളിയം ഉല്പന്നങ്ങളുടെ റീട്ടെയിൽ പ്രൈസിൽ മാറ്റം വരുകയില്ല. 1-4-2002-നുശേഷമുണ്ടായ വർദ്ധനവ് ലോകകമ്പോളത്തിൽ ഉണ്ടായ വ്യത്യസ്ത വില നിരക്കിൽ ഓയിൽ കമ്പനികൾ വരുത്തിയ മാറ്റമാണ്. ഗവൺമെന്റ് 40 ശതമാനമെന്ന് പറഞ്ഞുവെങ്കിലും നോട്ടിഫൈഡ് റേറ്റ് 24 ശതമാനമാണ്. ഈ നികുതി വർദ്ധനവുമൂലം 4.35 കോടി രൂപയുടെ അധിക വരുമാനമാണ് പ്രതീക്ഷിക്കുന്നത്. ഇത് പെട്രോളിയം ഉല്പന്നങ്ങളിൽനിന്നുള്ള ആകെ നികുതിയുടെ 3.28 ശതമാനം മാത്രമേയുള്ളു. ഏവിയേഷൻ ഇനത്തിൽ അന്താരാഷ്ട്ര സർവീസ്സുകൾക്കുള്ള ഫ്യുവലിന്റെ നികുതി ഒഴിവാക്കിയതും വരുമാനത്തിൽ 60 ശതമാനം കുറവ് വരുത്തുന്നുണ്ട്. കഴിഞ്ഞ രണ്ടു മാസക്കാലം കൊണ്ട് സെയിൽസ് ടാക്സ് പിരിവ് 32 ശതമാനം വർദ്ധിച്ചിരിക്കുകയാണ്. ഉദ്യോഗസ്ഥൻമാർ തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ ശിക്ഷിക്കപ്പെടും. രാഷ്ട്രീയം നോക്കിയല്ല ഈ ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരെ ഓരോ സ്ഥാനങ്ങളിൽ നിയമിക്കുന്നത്. ഇത്തരം കാര്യങ്ങളിൽ പുരോഗതി നേടാൻ കൂട്ടായ പ്രവർത്തനം ആവശ്യമാണ്. ഈ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെടുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ പൊതുവില്പന നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടാം വകുപ്പ്

**ശ്രീ.കോടിയേരി ബാലകൃഷ്ണൻ:** കേരള പൊതുവില്പന നികുതി (ഭേദഗതി) ബില്ലാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. സാധാരണ ബിൽ സർക്കുലേറ്റ് ചെയ്യുമ്പോൾ നിലവിലുള്ള ആക്ടിനകത്തെ എക്സ്ട്രാക്ട് കൊടുക്കാറുണ്ട്. എന്നാൽ ഇനി സഭയിൽ പാസ്സാക്കാനുള്ള ഫിനാൻസ് ബില്ലിന്റെ നിർദ്ദേശങ്ങൾ എക്സ്ട്രാക്ടായി കൊടുത്തിരിക്കുന്നത് ചട്ടങ്ങൾക്ക് വിരുദ്ധമാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി **(ശ്രീ.കെ.ശങ്കരനാരായണൻ)**: ഇതിൽ ചട്ടങ്ങൾക്ക് വിരുദ്ധമായിട്ടൊന്നുമില്ല.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്:

**ശ്രീ.കെ. രാധാകൃഷ്ണൻ**: 91, 109, 117 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ.കോടിയേരി ബാലകൃഷ്ണൻ:** 105, 120, 121, 123, 124, 125, 126, 128, 129 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ.എ.കെ.ബാലൻ:** 113, 127, 135, 149 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ.മത്തായി ചാക്കോ**: 100, 130 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ. എ.കെ. ബാലൻ** : 127, 135, 149 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ. മഞ്ഞളാംകുഴി അലി** : 119, 147 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ. വി. ചെന്താമരാക്ഷൻ** : 156, 157 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി **(ശ്രീ. കെ. ശങ്കരനാരായണൻ)** : ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

**ശ്രീ. മത്തായി ചാക്കോ** : 161, 170 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ. ടി.കെ. ദേവകുമാർ** : 165-ാമത്തെ ഭേദഗതി അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (**ശ്രീ. കെ. ശങ്കരനാരായണൻ)** : ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ഉം 6-ഉം വകുപ്പുകൾ

5-ഉം 6-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ഉം 6-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

**ശ്രീ. കോടിയേരി ബാലകൃഷ്ണൻ** : 85-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ. വി. ചെന്താമരാക്ഷൻ** : 86, 87, 88 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പ്മന്ത്രി **(ശ്രീ. കെ. ശങ്കരനാരായണൻ**) : ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി **(ശ്രീ. കെ. ശങ്കരനാരായണൻ)** : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 2002–ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി **(ശ്രീ. എം.എം. ഹസ്സൻ)** : പ്രമേയത്തെ പിൻതാങ്ങുന്നു.

**ശ്രീ. കോടിയേരി ബാലകൃഷ്ണൻ** : ഈ ബില്ലിനെ എതിർക്കുകയാണ്. നമ്മുടെ രാജ്യത്തിന്റെ നികുതിഘടനയാകെ ഒരു മാറ്റത്തിന് വിധേയമാകാൻ പോകുകയാണ്. മുഖ്യമന്ത്രിമാരും ധനകാര്യമന്ത്രിമാരും എടുത്ത തീരുമാനത്തിന്റെ ഫലമായി അഖിലേന്ത്യാ തലത്തിൽ നികുതിഘടന പരിഷ്ക്കരിച്ച് 2003–ാമാണ്ടോടുകൂടി ടാക്സ് ഏകീകരിക്കുക എന്നുള്ള രീതി വരാൻ പോകുകയാണ്. സാധാരണക്കാരനെ പിഴിയുന്ന രീതിയിൽ പുതിയ നികുതി നിർദ്ദേശങ്ങൾ കൊണ്ടു വരുന്നു. ഇതിൽ ദുരൂഹതയുണ്ട്. പിരിഞ്ഞുകിട്ടേണ്ട നികുതി പിരിക്കുന്നില്ല. ടേൺ ഓവർ ടാക്സ് ഇളവു ചെയ്തു കൊടുത്തതുവഴി എട്ടു കോടി രൂപ നഷ്ടപ്പെട്ടു. കോഴി നികുതിയുടെ പേരിൽ 86 കോടി രൂപ നഷ്ടപ്പെട്ടു. വിൽപ്പന നികുതിയിനത്തിൽ പിരിക്കേണ്ട 1264 കോടി രൂപയും എക്സൈസ് നികുതിയിനത്തിൽ പിരിക്കേണ്ട 250 കോടി രൂപയും കാർഷികാദായ നികുതിയിനത്തിൽ പിരിക്കേണ്ട 67 കോടി രൂപയും പിരിക്കാൻ കഴിഞ്ഞിട്ടില്ല. മണ്ണെണ്ണയ്ക്കും പെട്രോളിനും ഡീസലിനും വില കൂടും. സാധാരണക്കാരെ മറന്നുകൊണ്ടുള്ള ഒരു നിയമമാണിത്. ജനങ്ങൾക്ക് ദുരിതം വിതറുന്ന നയസമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. ബില്ലിനെ എതിർക്കുന്നു.

**ശ്രീ.ബിനോയ് വിശ്വം**: ഇപ്പോൾതന്നെ ദുരിതമനുഭവിക്കുന്ന ജനങ്ങളുടെ ജീവിതം കൂടുതൽ ദുസ്സഹമാകാൻ പോകുകയാണ്. ബില്ലിലെ നികുതി നിർദ്ദേശങ്ങൾ പിൻവലിക്കണം.

**ശ്രീ.സി.കെ.നാണു**: സാധാരണക്കാരെ കൂടുതൽ ബുദ്ധിമുട്ടിക്കാൻ കിട്ടിയ ഒരവസരമാണ്. കിട്ടാനുള്ള നികുതി പിരിച്ചെടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ കൂടുതൽ നികുതി ചുമത്തുന്നതു ശരിയല്ല.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി **(ശ്രീ.കെ.ശങ്കരനാരായണൻ)**: ഇന്ത്യാ ഗവൺമെന്റ് ഉണ്ടാക്കിയിട്ടുള്ള മാറ്റങ്ങൾക്ക് അനുസൃതമായി വാല്യൂ ആഡഡ് ടാക്സ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ സംസ്ഥാനങ്ങളും സ്വീകരിച്ചിട്ടുള്ള തീരുമാനത്തിനനുസരിച്ചാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. സദുദ്ദേശത്തോടുകൂടി കൊണ്ടുവന്നിട്ടുള്ള ഒരു ബില്ലാണിത്. ഇത് പാസ്സാക്കിത്തരണം.

2002-ലെ കേരള പൊതുവില്പന നികുതി(ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം 71-നെതിരെ 26 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ പാസ്സായി.

(2). **2002-ലെ കേരള വനിതാ കമ്മീഷൻ(ഭേദഗതി) ബിൽ**

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി **(ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി)**: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള വനിതാ കമ്മീഷൻ(ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി **(ശ്രീ.കെ.എം.മാണി)**: പ്രമേയത്തെ പിന്താങ്ങുന്നു.

**ശ്രീ.മത്തായി ചാക്കോ:** 2002-ലെ വനിതാ കമ്മീഷൻ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ നിലനിൽക്കുന്നതുകൊണ്ടാണ് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയത്. 1987-ൽ ബിൽ അവതരിപ്പിച്ച ശ്രീമതി കെ.ആർ. ഗൗരിയമ്മ ഇന്ന് ആ നിയമത്തെ തകർക്കാൻ ഗവൺമെന്റിനെ കൂട്ടുപിടിക്കുന്നത് ഖേദകരമാണ്. മൂല നിയമത്തിലെ സെക്ഷൻ 5-ന്റെ ഭേദഗതി മൂലം നിയമത്തെ പൂർണ്ണമായും തകർത്തിരിക്കുകയാണ്. ചെലവു ചുരുക്കലിന്റെ ഭാഗമാണെന്നാണ് ബിൽ കൊണ്ടുവന്നതിന് ന്യായീകരണമായി പറഞ്ഞിട്ടുള്ളത്. കമ്മീഷൻ അംഗങ്ങളുടെ എണ്ണം കുറയ്ക്കുക മാത്രമല്ല പട്ടികജാതി-പട്ടിവർഗ്ഗ പ്രാതിനിധ്യവുമില്ലാതായിരിക്കുകയാണ്. ഒരു അടിയന്തിര സാഹചര്യവും നിലവിലില്ലാത്ത സമയത്താണ് ഗവർണ്ണറെക്കൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചത്. രാഷ്ട്രീയ ലക്ഷ്യത്തോടെയാണ് കാര്യക്ഷമമായി പ്രവർത്തിച്ചുകൊണ്ടിരുന്ന അഞ്ചംഗ കമ്മീഷനെ പിരിച്ചുവിട്ടത്. സാമ്പത്തിക നടപടികളുടെ ഭാഗമായിട്ടാണ് വനിതാ കമ്മീഷന്റെ അംഗസംഖ്യ മൂന്നായി പരിമിതപ്പെടുത്താൻ തീരുമാനിച്ചതെന്നു പറയുന്നുവെങ്കിലും കമ്മീഷന്റെ പിരിച്ചുവിടലായിരുന്നു ഇതിന്റെ പ്രധാന ഉദ്ദേശം. സ്ത്രീകൾക്കെതിരായിട്ടുള്ള അതിക്രമങ്ങൾ സംബന്ധിച്ച് 38000-ത്തിലധികം പരാതികൾ ഈ 7 വർഷക്കാലത്തിനിടയ്ക്ക് വനിതാ കമ്മീഷന്റെ മുൻപാകെ വന്നു. കമ്മീഷൻ അംഗങ്ങൾക്ക് ചെയ്തു തീർക്കാൻ കഴിയാത്തത്ര

രൂപത്തിൽ പരാതികൾ വന്നുകൊണ്ടിരുന്നതു കൊണ്ടാണ് ജില്ലാതല സമിതികളും പഞ്ചായത്ത് തലത്തിലുള്ള ജാഗ്രതാ സമിതികളും രൂപീകരിക്കുവാൻ തീരുമാനിച്ചത്. സ്റ്റേറ്റ് അടിസ്ഥാനത്തിലുള്ള സിറ്റിംഗ് കൊണ്ട് മാത്രം മുഴുവൻ കേസുകളിലും തീരുമാനമെടുക്കുവാൻ സാധിക്കാതെ വന്നപ്പോൾ ഈ രണ്ടംഗങ്ങൾക്ക് ഓരോ ജില്ലയുടേയും ചാർജ് കൊടുത്തു. ഫലപ്രദമായി കമ്മീഷൻ പ്രവർത്തിച്ചുകൊണ്ടിരുന്നപ്പോഴാണ് രാഷ്ട്രീയമായ അട്ടിമറികൾ ഇവിടെ നടന്നത്. കേരളത്തിലും ഇൻഡ്യയിലും സ്ത്രീകളുടെ പ്രശ്നങ്ങളെ സംബന്ധിച്ച് പുതിയൊരു അവബോധമുണ്ടായതിന്റെ ഫലമായിട്ട് നടത്തിയ നിയമ നിർമ്മാണത്തിന്റെ അന്തസ്സത്തയെ തകർക്കുന്ന നടപടി സ്വീകരിച്ചിരിക്കുന്നത് രാഷ്ട്രീയ ലക്ഷ്യത്തോടുകൂടിയാണ്.

(ചർച്ച തുടരും)

സഭ ഉച്ചയ്ക്കുശേഷം 1.30-ന് പിരിഞ്ഞു.